**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1363</u>** **<u>04-07-2022 - ൽ മറുപടിയ്ക്ക്</u>**

## <u>മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ വി.എച്ച്.എസ്.ഇ. ബാച്ചുകൾ അനുവദിക്കുന്നതിന് നടപടികൾ</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. പി.വി.അൻവർ</th><th colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>വേണ്ടത്ര കുട്ടികളില്ലാത്തതിനാൽ വി.എച്ച്.എസ്.ഇ. ബാച്ചുകൾ ആരംഭിക്കാതിരിക്കുകയോ നാമമാത്രമായി പ്രവർത്തിക്കുകയോ ചെയ്യുന്ന സ്കൂളുകൾ സംസ്ഥാനത്തുണ്ടോ; എങ്കിൽ പ്രസ്തുത സ്കൂളുകളുടേയും അനുവദിക്കപ്പെട്ട കോഴ്സുകളുടേയും സീറ്റുകളുടേയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. അത്തരം സ്കൂളുകളുടെയും അനുവദിക്കപ്പെട്ട കോഴ്സുകളുടെയും സീറ്റുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>സ്കൂളുകളുടെ എണ്ണം</th><th>കോഴ്സുകളുടെ എണ്ണം</th><th>ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>1</td><td>2</td><td>60</td></tr>
<tr><td>കോല്ലം</td><td>2</td><td>2</td><td>60</td></tr>
<tr><td>പത്തനംതിട്ട</td><td>3</td><td>8</td><td>240</td></tr>
<tr><td>ഇടുക്കി</td><td>1</td><td>1</td><td>30</td></tr>
<tr><td>തൃശ്ശൂർ</td><td>1</td><td>2</td><td>60</td></tr>
<tr><td>പാലക്കാട്</td><td>1</td><td>2</td><td>60</td></tr>
<tr><td>കണ്ണൂർ</td><td>1</td><td>1</td><td>30</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഈ കോഴ്സുകൾ പശ്ചാത്തല സൗകര്യങ്ങളുള്ള മറ്റ് ജില്ലകളിലെ സ്കൂളുകളിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; ഇതിനായി വി.എച്ച്.എസ്.ഇ. ജില്ലാ മേധാവികളിൽ നിന്നും ശിപാർശകൾ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്.</td></tr>
<tr><td>(സി)</td><td>മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സർക്കാരിന് അധിക ബാധ്യത വരാത്തവിധം വി.എച്ച്.എസ്.ഇ. ബാച്ചുകൾ പുനർവിന്യസിക്കുന്നതിനോ അധിക ബാച്ചുകൾ അനുവദിക്കുന്നതിനോ</td><td>(സി)</td><td>ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.</td></tr>
</table>

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ